Malayala Manorama
മലയാള മനോരമ



കോയമ്പത്തൂർ ഐഎഫ്ജിടിബിയിലെ എൻവിസ് കേന്ദ്രം നടത്തിയ പർവതദിനാചരണത്തിൽ ഡയറക്ടർ ഡോ.സി.കുഞ്ഞിക്കണ്ണൻ വൃക്ഷത്തൈകൾ നടുന്നു.

# രാജ്യാന്തര പർവത ദിനം ആചരിച്ചു

കോയമ്പത്തൂർ● ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രം രാജ്യാന്തര പർവത ദിനം ആചരിച്ചു. ഐഎഫ്ജിടിബി ഡയറക്ടർ ഡോ.സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. എൻവിസ് മേധാവി, ഡോ.കണ്ണൻ വാര്യർ 'സ്ത്രീകൾ മലനിരകളുടെ സംരക്ഷകർ 'എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. റിസർച്ച് കോ ഓർഡിനേറ്റർ ഡോ. ആർ.യശോദ,സീനിയർ പ്രോഗ്രാം ഓഫിസർ ഡോ.എസ്.വിഗ്നേശ്വരൻ എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികൾക്കായുള്ള ബോധവൽക്കരണ പോസ്റ്റർ കുഞ്ഞിക്കണ്ണൻ പ്രകാശനം ചെയ്തു. സസ്യോദ്യാനത്തിൽ സ്വദേശി വൃക്ഷത്തൈകൾനട്ടു.

72. News in Manorama, Palakkad, 13.12.2022, Observance of International Mountain Day by IFGTB ENVIS.